**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **07-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ യൂണിറ്റുകൾ എന്നിവ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചു കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ യൂണിറ്റുകൾ എന്നിവ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (ബി) | അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലെത്തി എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (സി) | 2020-21 വർഷം തുക അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വിദ്യാലയങ്ങൾക്ക് 2021-22 വർഷം നിർമ്മാണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ 3031 സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര – കം - സ്റ്റോർ റൂം നിർമ്മിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ട്രഷറിയിൽ നിന്നും 31.03.2021 വരെ മാറി ലഭിക്കാത്ത ബില്ലുകളുടെ തുകയായ 12471.48 ലക്ഷം രൂപ ലാപ്സാവാതിരിക്കുന്നതിനായി ആയത് പ്രസ്തുത സാമ്പത്തിക വർഷം ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിരുന്നു. പ്രസ്തുത തുക2021-2022 സാമ്പത്തിക വർഷം റിലീസ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ